"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

തദ്ദേശസ്വയംഭരണ വകുപ്പ്-10-02-2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റി തീരുമാനങ്ങൾ - നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്-മാലിന്യ സംസ്കരണത്തിനായി വാങ്ങിയ സ്ഥലത്ത് വൈദ്യുതി കണക്ഷനുവേണ്ടി 2017-18ൽ കെ.എസ്.ഇ .ബിയിൽ ഡിപ്പോസിറ്റ് ചെയ്ത തുക തിരികെ വാങ്ങി സ്ട്രീറ്റ് ലൈൻ വലിക്കാനും നിലാവ് പദ്ധതിയിൽ ലൈറ്റിടാനും പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡി.ഡി) വകുപ്പ്**

സ.ഉ.(സാധാ) നം.542/2022/LSGD തീയതി,തിരുവനന്തപുരം, 07-03-2022

---

പരാമർശം:-
1. മലപ്പുറം ജില്ലാ പ്ലാനിംഗ് ഓഫീസറുടെ 12.01.2022 ലെ കത്ത്
2. 10.02.2022-ലെ വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോഓർഡിനേഷൻ കമ്മിറ്റിയുടെ 4.39-ാം നമ്പർ തീരുമാനം

**<u>ഉത്തരവ്</u>**

നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് മാലിന്യ സംസ്കരണത്തിനുവേണ്ടി ചുങ്കത്തറയിൽ വാങ്ങിയ സ്ഥലത്ത് വൈദ്യുതി കണക്ഷനുവേണ്ടി 2017-18-ൽ പ്രോജക്ട തയ്യാറാക്കിയിരുന്നു. ഇതിനായി 19,23,943/- രൂപ (വികസനഫണ്ട ജനറൽ) KSEB യിൽ ഡെപ്പോസിറ്റ് ചെയ്തു. എന്നാൽ ഇതിന് ഫോറസ്റ്റ് വകുപ്പിൽ നിന്നും അനുമതിക്ക് ലഭിക്കാത്തതിനാലും പ്രദേശവാസികളുടെ എതിർപ്പ് കാരണവും പദ്ധതി നടപ്പായില്ല. ഈ തുക കെ.എസ്.ഇ.ബിയിൽ നിന്നു തിരികെ വാങ്ങി സ്ട്രീറ്റ് ലൈൻ വലിക്കാനും നിലാവ് പദ്ധതിയിൽ ലൈറ്റിടാനും അനുമതി നൽകണമെന്ന ആവശ്യം കോഓർഡിനേഷൻ സമിതി യോഗം പരിഗണിക്കുകയും, സ്ട്രീറ്റ് ലൈറ്റ് ലൈൻ വലിക്കുന്നതും നിലാവ് പദ്ധതിയും ഗ്രാമപഞ്ചായത്തിന്റെ ചുമതല ആണെങ്കിലും കെ.എസ്.ഇ.ബി യിൽ ഡിപ്പോസിറ്റ് ചെയ്ത തുക ആയതിനാൽ പ്രത്യേകാനുമതി നൽകാൻ പരാമർശം (2) പ്രകാരം തീരുമാനിക്കുകയും ചെയ്തിട്ടുണ്ട്. പൂച്ചെടി വയ്ക്കുന്നത് സംബന്ധിച്ച ആവശ്യം യോഗം പരിഗണിക്കുന്നില്ല എന്നും വ്യക്തമാക്കിയിട്ടുണ്ട്.

2. മേൽ വിവരിച്ച സാഹചര്യത്തിൽ നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത് മാലിന്യ സംസ്കരണത്തിനായി വാങ്ങിയ സ്ഥലത്ത് വൈദ്യുതി കണക്ഷനുവേണ്ടി 2017-18-ൽ കെ.എസ്.ഇ.ബി യിൽ ഡിപ്പോസിറ്റ് ചെയ്ത തുക തിരികെ വാങ്ങി സ്ട്രീറ്റ് ലൈൻ വലിക്കാനും നിലാവ് പദ്ധതിയിൽ ലൈറ്റിടാനും പ്രത്യേകാനുമതി നൽകി ഉത്തരവാകുന്നു. പ്രോജക്ട് തയ്യാറാക്കി ജില്ലാ ആസൂത്രണ സമിതിക്ക് നൽകേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

ഷൈജ സി ജി

ഡെപ്യൂട്ടിസെക്രട്ടറി

പ്രസിഡണ്ട്/സെക്രട്ടറി, നിലമ്പൂർ ബ്ലോക്ക് പഞ്ചായത്ത്, മലപ്പുറം
ജില്ലാ പ്ലാനിംഗ് ഓഫീസർ, മലപ്പുറം
ഗ്രാമ വികസന കമ്മീഷണർ,തിരുവനന്തപുരം
ചെയർമാൻ, സ്റ്റേറ്റ് റിസോഴ്സ് ഗ്രൂപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
വെബ് & ന്യൂ മീഡിയ (ഐ & പി.ആർ.ഡി)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
ത.സ്വ.ഭ.(ഡി.എ) വകുപ്പ്
കരുതൽ ഫയൽ

ഉത്തരവിൻ പ്രകാരം

**Signed by Nisam N**
**Date: 07-03-2022 14:15:44**
സെക്ഷൻ ഓഫീസർ

പകർപ്പ്: ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി

ബഹു. തദ്ദേശ സ്വയംഭരണ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി